**കുടുംബശ്രീ മിഷൻ**

**ഇടുക്കി**

**നെടുംങ്കണ്ടം ബ്ലോക്ക്**

**പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്**

# കോവിഡ്കാല കുടുംബശ്രീ പ്രവർത്തനങ്ങൾ

# DOCUMENTATION

കുടുംബശ്രീയുടെ വിവിധ പദ്ധതികളിലൂടെയും ഉപജീവന മാർഗങ്ങളിലൂടെയും ലക്ഷ്യം വെയ്ക്കുന്നത് ദാരിദ്ര ലഘൂകരണമാണ്.ഇതിന്റെ ഭാഗമായി പല പ്രവർത്തനങ്ങളും കുടുംബശ്രീ നടത്തി വരുന്നുണ്ട്. നാം ഇന്ന് നേരിടുന്ന ഏറ്റവും വലിയ മഹാമാരിയാണ് കൊറോണ വൈറസ്. ഈ മഹാമാരിയെ നേരിടുന്നതിനും നമ്മുടെ ജീവിതം തിരിച്ച് പിടിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ കുടുംബശ്രീയും ചെയ്യുന്നു. ഇടുക്കി ജില്ലയിൽ നെടുംകണ്ടം ബ്ളോക്കിൽ സ്ഥിതി ചെയ്യുന്ന പാമ്പാടുംപാറ കുടുംബശ്രീയും കോവിഡ്കാല പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു.

**കമ്യൂണിറ്റി കിച്ചൻ**

കോവിഡ്കാലഘട്ടത്തിൽ പാമ്പാടുംപാറ സി.ഡി.എസിൽ കമ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തി. ഇതിനായി സ്കൂൾ കെട്ടിടവും കണ്ടെത്തി. 455 ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു.എല്ലാ സി.ഡിഎസ്, എ.ഡി.എസ് അംഗങ്ങളും എല്ലാ വെല്ലുവിളികളും സ്വീകരിച്ച് സാമൂഹിക അടുക്കളയിൽ പങ്കാളിയായി.പതിനാറ് വാർഡുകളിലെയും വീടുകളിൽ നിന്നും എ.ഡി.എസ് അംഗങ്ങൾ വഴി ജൈവ പച്ചക്കറികൾ ശേഖരിച്ചു. ഇവയാണ് സാമൂഹ അടുക്കളയിൽ ഉപയോഗിച്ചത്. കിടപ്പ് രോഗികൾ,അതിഥി തൊഴിലാളികൾ, പാലിയേറ്റിവ് കെയർ അംഗങ്ങൾ(7) , ആശ്രയാഗുണഭോക്താക്കൾ (32) എന്നിവർക്കായി ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു.





### വയോജനങ്ങൾക്ക്  പ്രത്യേക പരിചരണം

വയോജനങ്ങൾക്ക്  പ്രത്യേക പരിചരണം നൽകുന്നതിനും അവരുടെ ക്ഷേമ അന്വേഷണത്തിനുമായി എ.ഡി.എസ് അംഗങ്ങളെ ചുമതലപ്പെടുത്തി.വയോധികർ , അടിയന്തിര ചികിത്സാസഹായം വേണ്ടവർ എന്നിവർക്ക് സി.ഡി.എസ്, എ.ഡി.എസ് അംഗങ്ങൾ വഴി മരുന്നുവിവരങ്ങൾ ശേഖരിച്ച് ആശപ്രവർത്തകർക്ക് എത്തിച്ചു നൽകി. ഫോണിലൂടെ എ.ഡി.എസ് അംഗങ്ങൾ വയോജനങ്ങളെ വിളിച്ച് ആരോഗ്യത്തെക്കുറിച്ച് അന്വേഷിച്ചു.

### വാട്ട്സ് ആപ് ഗ്രൂപ്പ്

പതിനാറ് വാർഡുകളിലെയും സി.ഡി,എസ് , എ.ഡി.എസ് അംഗങ്ങൾ,അയൽക്കൂട്ടാംഗങ്ങൾ എല്ലാവരെയും ഉൾക്കൊള്ളിച്ച് ഗ്രൂപ്പുകൾ രൂപീകരിച്ചു. .57 അംഗങ്ങളുള്ള സി.ഡി.എസ് ഗ്രൂപ്പും, 72 അംഗങ്ങളുള്ള എ.ഡി.എസ് ഗ്രൂപ്പുമാണുള്ളത്. ബ്രേക്ക് ദ ചെയ്ൻ ക്യാപയ്ൻ, CMHLS എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അയൽക്കൂട്ടങ്ങളിലേക്ക് എത്തിക്കുന്നതിനും വേഗത്തിൽ നടപ്പാക്കുന്നതിനും ഈ ഗ്രൂപ്പുകൾ സഹായകമായി. 250 അയൽക്കൂട്ടങ്ങളിൽ നിന്നും 3292 അംഗങ്ങളാണ് കോവിഡ് ലോണിനുവേണ്ടി അപേക്ഷിച്ചത്.ലോൺ അപേക്ഷകൾ വളരെ വേഗത്തിൽ എ.ഡി.എസ് അംഗങ്ങൾ വഴി സി.ഡി.എസിൽ എത്തിക്കുന്നതിന് വാട്ട്സ് ആപ് ഗ്രൂപ്പുകൾ സഹായിച്ചു.

### അടുക്കളത്തോട്ടം

പതിനാറ് വാർഡുകളിലുമായി 1510 അടുക്കളത്തോട്ടങ്ങളാണ് ഉള്ളത്.വിത്ത് വിതരണം മുതൽ എല്ലാം എ.ഡി.എസ് അംഗങ്ങൾ വഴിയാണ് നടപ്പാക്കിയത്.സുഭിക്ഷകേരളം പദ്ധതിയുടെ പ്രവർത്തനങ്ങളും ആരംഭിച്ചു തുടങ്ങി.

## മറ്റ് പ്രവർത്തനങ്ങൾ

പഞ്ചായത്തുമായി ചേർന്ന്  വാർഡുകളുടെ ശുചീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീ അംഗങ്ങളും പങ്കാളികളായി.ആശ്രയ കിറ്റുകൾ  ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചു. 8 - ാം വാർഡിലെ (എടത്വാമെട്ട്)  എ.ഡി.എസ് പ്രസിഡന്റ് , സെക്രട്ടറിയും  ചേർന്ന് 300 മാസ്കുകൾ തയ്ച്ച് എല്ലാ വീടുകളിലും വിതരണം ചെയ്തു.പാമ്പാടുംപാറ കുടുംബശ്രീയിലെ  സംരംഭയൂണിറ്റായ ധനലക്ഷമി അപ്പാരൽ പാർക്കിൽ  നിന്നും 11000 മാസ്കുകൾ പഞ്ചായത്ത്, റേഷൻകടകൾ വഴി  വിതരണം നടത്തി. സിവിൽ സപ്ളൈ ഡിപ്പാർട്ട്മെൻറിന്റെ  നേതൃത്വത്തിലുള്ള ഭക്ഷ്യകിറ്റ് വിതരണത്തിലും  അയൽക്കൂട്ടാംഗങ്ങൾ പങ്കെടുത്തു.

## ഭാവി പ്രവർത്തനങ്ങൾ

- കോവിഡ്  കാലയളവിൽ ഒരുപാട് വ്യക്തികൾക്ക് തൊഴിൽ നഷ്ടമായി. അത്തരം സാഹചര്യത്തിൽ  അവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രയോജനമാകും വിധം പരിശീലനം നൽകണം.നിലവിലുള്ള സംരംഭങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം
- ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവുകൾ മുന്നിൽ കണ്ടുകൊണ്ട് അവ പരിഹരിക്കുന്നതിനായി ജൈവകൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുകയും ആവശ്യമായസഹായങ്ങൾ ഏർപ്പെടുത്തുകയും വേണം.

ബ്ളോക്ക്കോർഡിനേറ്റർ - അശ്വതിമോൾ കെ.റ്റി  9961420763

ചെയർപേഴ്സൺ - ഷൈജ സണ്ണി  9605339722